# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1655 — 05.02.2019-ൽ മറുപടിയ്ക്ക്

**ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് എതിരെ നടപടി**

**ചോദ്യം**

**ശ്രീ. ഹൈബി ഈഡൻ**

**ഉത്തരം**

**ശ്രീ. എ സി മൊയ്തീൻ**
**(ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | പ്രളയത്തിൽ എറണാകുളം ജില്ലയിലെ ചേരാനല്ലൂർ പഞ്ചായത്തിൽ വാസയോഗ്യമല്ലാതായ വീടുകൾ ഒന്നും തന്നെയില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെറ്റായി വിവരം നൽകിയതിന് സർക്കാർ സെക്രട്ടറിക്ക് എതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; | (എ) (ബി) & (സി) | എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ പ്രളയത്തിൽ വാസയോഗ്യമല്ലാതായ വീടുകൾ ഒന്നും തന്നെയില്ലെന്ന് റിപ്പോർട്ട് ചെയ്ത സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ഹൈബി ഈഡൻ എം എൽ എ സമർപ്പിച്ച പരാതിയിൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് 31.01.2019 ൽ ലഭ്യമായിട്ടുണ്ട്.കൂടാതെ പ്രസ്തുത പരാതിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഇക്കാര്യത്തിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായതായി കാണുന്ന പക്ഷം ഉചിതമായ ശുപാർശ ലഭ്യമാക്കുന്നതിനും 14.12.2018 ലെ 241/ഇപിബി2/2018/തസ്വഭ നമ്പർ അനൗദ്യോഗികക്കുറിപ്പ് പ്രകാരം റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് കൂടി ലഭ്യമാക്കി, പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ മാറ്റി നിർത്തി അന്വേഷിക്കണം എന്ന പരാതിയിന്മേൽ കളക്ടറുടെ നേതൃത്വത്തിൽ ഉള്ള ഏഴ് അംഗ അപ്പീൽ പാനൽ അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; | | |
| (സി) | പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 2018 നവംബർ മാസം എം എൽ എ നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**